**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 238 | 28.01.2019 ൽ മറുപടിക്ക്

**ആർദ്രം പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.ടി.എ. റഹീം | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ പി.എച്ച്.സി.കളിൽ ഏതെല്ലാം തസ്തികകളാണ് പുതിയതായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട 170 സ്ഥാപനങ്ങളിലേയ്ക്കായി 170 ഡോക്ടർമാർ, 340 സ്റ്റാഫ് നേഴ്സ്, 170 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും ഒ.പി.കൂടുതലുള്ള 150 സ്ഥാപനങ്ങളിൽ ഓരോന്നു വീതം 150 ഫാർമസിസ്റ്റ് തസ്തികകളും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കാൻ തെരഞ്ഞെടുക്കപ്പെട്ട 504 ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങൾക്കും ഒരേ മാനദണ്ഡമാണോ നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരെഞ്ഞെടുക്കപ്പെട്ട 504 സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. ബ്ലോക്ക് തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ഇതിലുൾപ്പെടുത്തിയിട്ടില്ല. |
| (സി) | പുതിയതായി സൃഷ്ടിക്കുന്ന തസ്തികകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് എന്താണെന്ന് വിശദമാക്കാമോ; | (സി) | കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ ഫലപ്രദമായ രീതിയിൽ നടത്തുവാൻ ആരോഗ്യ വകുപ്പിന്റെ നിലവിലുള്ള തസ്തികകളും പുതുതായി സൃഷ്ടിക്കുന്ന തസ്തികകളും കൊണ്ടുകഴിയുകയില്ല. ആവശ്യമുള്ള അധിക ഡോക്ടർ, മറ്റ് പാരാമെഡിക്കൽ ജീവനക്കാർ എന്നിവരെ താൽക്കാലികമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നിയമിച്ച് പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | നിലവിൽ 24 മണിക്കൂറും കിടത്തി ചികിത്സാ സൗകര്യമുള്ള | (ഡി) | നിലവിൽ 24 മണിക്കൂറും കിടത്തി ചികിത്സാ സൗകര്യമുള്ള സ്ഥാപനങ്ങളിലെ |

| | | | |
|---|---|---|---|
| | സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളെ പദ്ധതി എങ്ങനെയാണ് ബാധിക്കുകയെന്ന് വ്യക്തമാക്കാമോ; | | പ്രവർത്തനങ്ങൾക്ക് ഈ പദ്ധതിമൂലം തടസ്സങ്ങളൊന്നുമില്ല. ഇവിടെ നിലവിൽ ലഭ്യമാകുന്ന സേവനങ്ങൾക്കു പുറമേ ആർദ്രം പദ്ധതി പ്രകാരമുള്ള സേവനങ്ങളും ലഭ്യമാണ്. |
| (ഇ) | മെഡിക്കൽ കോളേജുകൾക്ക് കീഴിലെ ഫെസിലിറ്റേഷൻ സി.എച്ച്.സി.കൾ ആർദ്രംപദ്ധതിയിൽ ഉൾപ്പെടുത്തുമ്പോഴുണ്ടാകാനിടയുള്ള പ്രശ്നങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ: | (ഇ) | ഇല്ല. |
| (എഫ്) | ഈ സ്ഥാപനങ്ങളിൽ ഡ്യൂവൽ കൺട്രോൾ ഉള്ള സാഹചര്യത്തിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്ഥാപനം മുഴുവനായും മെഡിക്കൽ കോളേജുകളുടെ നിയന്ത്രണത്തിലാക്കുവാൻ സാധിക്കുമോ: | (എഫ്) | കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന എം.സി.എച്ച്.യൂണിറ്റ്, ചെറൂപ്പ മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ നിർദ്ദേശപ്രകാരമുള്ള കോഴിക്കോട് മെഡിക്കൽ കോളേജിന്റെ റൂറൽ സെന്റർ ആണ്. മെഡിക്കൽ വിദ്യാർത്ഥികളുടെ പഠനത്തിനുവേണ്ടി സ്ഥാപിച്ച ഈ യൂണിറ്റ് കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ നിയന്ത്രണത്തിലാണ്. |
| (ജി) | ഇതു സംബന്ധിച്ച 488/ബി 2/2018/ആ.കു.വ. ഫയലിലെ തീരുമാനമെന്തെന്ന് വിശദമാക്കാമോ? | (ജി) | ചെറൂപ്പ സി.എച്ച്.സി.യിലെ ഡയാലിസിസ് സെന്ററിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ 19.11.2018 ലെ 488/ബി.2/2018/ആ.കു.വ. നമ്പർ കത്തു മുഖേന മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ